# സീതത്തോട് ഗ്രാമപഞ്ചായത്ത്

# ബജറ്റ്

# 2026-27

# സീതത്തോട് ഗ്രാമപഞ്ചായത്ത്

## 2026-2027 ബഡ്ജറ്റ്

### ആമുഖം

സുഹൃത്തുക്കളെ,

സീതത്തോട് ഗ്രാമപഞ്ചായത്തിന്റെ 2026-27 വാർഷിക ബഡ്ജറ്റ് അവതരണ യോഗമാണ് ഇന്നിവിടെ നടക്കുന്നത്. ഈ യോഗത്തിലേക്ക് എല്ലാവരെയും സ്വാഗതം ചെയ്യുന്നു. അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ പഞ്ചായത്തിലെ ജനങ്ങളുടെ ആവശ്യങ്ങൾ സാക്ഷാത്കരിക്കുവാൻ പഞ്ചായത്ത് ഭരണസമിതി പ്രതിജ്ഞാബദ്ധമാണ്. 2026-27 വർഷം പഞ്ചായത്തിന്റെ സമഗ്ര വികസനമാണ് ലക്ഷ്യമിടുന്നത്. എല്ലാ മേഖലകൾക്കും പ്രാധാന്യം നൽകിക്കൊണ്ടാണ് ഈ ബഡ്ജറ്റ് തയ്യാറാക്കിയിരിക്കുന്നത്. ലഭ്യമായ വിഭവങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി മികച്ച പദ്ധതികൾ തയ്യാറാക്കി നമ്മുടെ പഞ്ചായത്തിനെ കൂടുതൽ പുരോഗതിയിലേക്ക് നയിക്കാൻ പര്യാപ്തമായ ഒരു ബഡ്ജറ്റാണ് അവതരിപ്പിക്കുന്നത്.

ധനപരിപാലനത്തിന്റെ നെടുംതൂണാണ് ബഡ്ജറ്റ്. ഒരു വർഷത്തേക്കുള്ള പ്രതീക്ഷിത വരവ്ചെലവുകളുടെ സംഗ്രഹമാണിത്. വിവിധ സ്രോതസുകളിൽ നിന്നും പരമാവധി വിഭവങ്ങൾ കണ്ടെത്തി അവ നിത്യനിധാന ചെലവുകൾക്കും, വികസന പദ്ധതി ചെലവുകൾക്കും പ്രത്യേക ഉദ്ദേശ പദ്ധതി ചെലവുകൾക്കും മാനദണ്ഡങ്ങൾക്കനുസരിച്ച് വകയിരുത്തുവാൻ ബഡ്ജറ്റിലൂടെ സാധ്യമാകുന്നു. കേരളത്തിൽ ജനകീയാസൂത്രണവും, വികേന്ദ്രീകൃത ആസൂത്രണവും നടപ്പാക്കിയത് കേരളത്തിലെ ഗ്രാമപഞ്ചായത്തുകളുടെ അസാമാന്യ പുരോഗതിക്ക് കാരണമായിട്ടുണ്ട്. വികസന പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് ദീർഘവീക്ഷണം, സുവ്യക്തമായ കാഴ്ചപ്പാട്, സ്ഥിതിവിവരക്കണക്കുകൾ നിർവ്വഹണരീതി എന്നിവ അനിവാര്യമാണ്. വികസന നേട്ടങ്ങൾ ജനങ്ങൾക്ക് അനുഭവവേദ്യമാകുമ്പോഴാണ് ഭരണ സംവിധാനങ്ങൾ ജനകീയമാകുന്നത്. ഇത്തരത്തിൽ ജനാഭിലാഷങ്ങളുടെ സാക്ഷാത്കാരത്തിനായി പങ്കാളിത്ത ആസൂത്രണത്തിലൂടെ വികസന പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കണ്ടെത്തുന്നതിന് പ്രതിജ്ഞാബദ്ധതയോടെയുള്ള പ്രവർത്തനങ്ങളാണ് നമ്മൾ മുൻകാലങ്ങളിൽ സംഘടിപ്പിച്ചിട്ടുള്ളത്. അതിന്റെ അനുബന്ധം എന്ന നിലയിലുള്ള പരിപാടികളാണ് ഈ ബഡ്ജറ്റിലൂടെ മുന്നോട്ട് വെയ്ക്കുന്നത്. ബഡ്ജറ്റ് അനുബന്ധ പ്രവർത്തനങ്ങൾക്കും ഫലപ്രാപ്തിയോടെയുള്ള പദ്ധതി നടത്തിപ്പിനും എല്ലാ ജനപ്രതിനിധികളുടെയും, ഉദ്യോഗസ്ഥരുടെയും, ജനങ്ങളുടെയും സഹകരണം പ്രതീക്ഷിച്ചുകൊണ്ട്, ബഡ്ജറ്റ് അവതരിപ്പിക്കുന്നതിനായി വൈസ് പ്രസിഡന്റ് ശ്രീ.ജോബി റ്റി ഈശോയെ ക്ഷണിക്കുന്നു.

ലേഖ സുരേഷ്
പ്രസിഡന്റ്
സീതത്തോട് ഗ്രാമപഞ്ചായത്ത്

# സീതത്തോട് ഗ്രാമപഞ്ചായത്ത്

## 2026-2027 ബഡ്ജറ്റ്

സുഹൃത്തുക്കളെ,

സീതത്തോട് ഗ്രാമപഞ്ചായത്തിന്റെ 2026 - 27 വർഷത്തെ ബഡ്ജറ്റ് മീറ്റിംഗിൽ പങ്കെടുക്കാൻ എത്തിച്ചേർന്നിരിക്കുന്ന ബഹു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ലേഖ സുരേഷ്, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർ, ഗ്രാമപഞ്ചായത്ത് അംഗങ്ങൾ, നിർവ്വഹണ ഉദ്യോഗസ്ഥർ, ഗ്രാമപഞ്ചായത്ത് ജീവനക്കാർ തുടങ്ങി എല്ലാവരെയും യോഗത്തിലേക്ക് സ്വാഗതം ചെയ്യുന്നു.

2025 ൽ പുതുതായി അധികാരമേറ്റെടുത്ത സീതത്തോട് ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ ആദ്യത്തെ ബജറ്റാണ് ഇന്ന് ഇവിടെ അവതരിപ്പിക്കുന്നത്. ഈ ഭരണ സമിതിയുടെ ആദ്യത്തെ ബജറ്റാണ് എന്നതിനാൽ തന്നെ ഭരണസമിതിയുടെ തുടർന്നുള്ള കാലയളവിൽ പഞ്ചായത്തിന്റെ വികസന ക്ഷേമ പ്രവർത്തനങ്ങളിൽ വളരെയേറെ മുന്നേറ്റം കൈവരിക്കുന്നതിന് ഉതകുന്ന രീതിയിലാണ് ഈ ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. മുൻകാല ഭരണസമിതികൾ മുന്നോട്ട് വെച്ച നല്ല കാഴ്ചപ്പാടുകളും വികസന സ്വപ്നങ്ങളും പിന്തുടർന്ന് കൊണ്ട് തന്നെയാണ് ഈ ഭരണസമിതിയും മുന്നോട്ട് പോകുന്നത്. സീതത്തോട് ഗ്രാമപഞ്ചായത്തിൻറെ സമ്പൂർണ്ണ പുരോഗതി ലക്ഷ്യമിട്ട് മുന്നോട്ട് പോകുന്നതിന് ഈ ഭരണ സമിതി പ്രതിജ്ഞാബദ്ധമാണ്.

കുറഞ്ഞ വിഭവങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി വരുമാനത്തിനനുസരിച്ച് ചെലവ് നിയന്ത്രിച്ച് മികച്ച പദ്ധതികൾ ആസൂത്രണം ചെയ്ത് ഈ പഞ്ചായത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ടാണ് ഈ ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്. മാലിന്യ മുക്തവും അതിദാരിദ്ര്യ മുക്തവുമായ ഒരു സംസ്ഥാനം ലക്ഷ്യമാക്കി നമ്മുടെ സർക്കാർ മുന്നോട്ട് പോകുമ്പോൾ ഈ ആശയങ്ങളുടെ പതാകാ വാഹകരാകാൻ നമ്മുടെ പഞ്ചായത്തിനും കഴിഞ്ഞു. സംസ്ഥാന സർക്കാരിന്റെ നവകേരളം സൃഷ്ടിക്കായി ഇനിയും തുടരുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള ആർദ്രം, ലൈഫ്, പൊതുവിദ്യാഭ്യാസ യജ്ഞം, ഹരിതകേരളം, നിലാവ്( സമ്പൂർണ ഊർജ്ജ യജ്ഞം), സ്വയംതൊഴിൽ സംരംഭങ്ങൾ, വിശപ്പ് രഹിത കേരളം, സീതത്തോട് മാർക്കറ്റ് വികസനം, ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം, പഞ്ചായത്തിലെ ടൂറിസം പദ്ധതികൾ എന്നിവക്ക് മുൻഗണന നൽകിക്കൊണ്ടുള്ള പദ്ധതികൾക്ക് പണം വകയിരുത്തുന്നതിന് ബഡ്ജറ്റിൽ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ ഭാഗമായി ആരോഗ്യ മേഖലയിൽ വലിയ മുന്നേറ്റം ഉണ്ടാക്കാൻ നമുക്ക് കഴിഞ്ഞു. കിഫ്ബി പദ്ധതിയിലൂടെ നമ്മുടെ പഞ്ചായത്തിലെ അടിസ്ഥാന സൌകര്യങ്ങൾ വളരെയധികം

വർദ്ധിപ്പിക്കുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്. ആരോഗ്യ മേഖലയിൽ വികസിത രാജ്യങ്ങൾക്കുപോലും മാതൃകയാക്കാവുന്ന മുന്നേറ്റമാണ് നടന്നിട്ടുള്ളത്. ഹരിതകേരള മിഷന്റെ ഭാഗമായി മാലിന്യ നിർമ്മാർജ്ജനത്തിലും, സുഭിക്ഷം പദ്ധതിയിലൂടെ കാർഷിക മേഖലയിലും ഭക്ഷ്യോൽപ്പാദന മേഖലയിലും പച്ചക്കറികൃഷിയിലുമെല്ലാം മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവെക്കാൻ കഴിഞ്ഞിട്ടുണ്ട്.

ലൈഫ് ഭവന പദ്ധതിയിൽ സ്ത്രീകൾ, കുട്ടികൾ, വൃദ്ധർ അഗതികൾ എന്നിവർക്ക് അർഹമായ പരിഗണന നൽകിയിട്ടുണ്ട്. സ്ട്രീറ്റ് ലൈറ്റ്, കുടിവെള്ള വിതരണം എന്നീ മേഖലകളിൽ മെച്ചപ്പെട്ട സേവനം നൽകിവരുന്നു. നമ്മുടെ പഞ്ചായത്തിന്റെ ടൂറിസം മേഖലയിലെ അനന്ത സാധ്യതകൾ പരമാവധി ഉപയോഗിച്ച് വരുമാന പദ്ധതികൾ ആവിഷ്കരിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. തനത് ഫണ്ടിൽ മിതത്വം പാലിച്ച് ജില്ലാ, ബ്ലോക്ക് പഞ്ചായത്ത് വിഹിതവും സംസ്ഥാന പദ്ധതി വിഹിതവും കേന്ദ്രാവിഷ്കൃത വിഹിതവും ഒക്കെ വിനിയോഗിച്ച് പഞ്ചായത്തിലെ എല്ലാവിഭാഗം ജനങ്ങളുടെയും ക്ഷേമത്തിനും, സാമ്പത്തിക ഉണർവിനും ആവശ്യമായ പദ്ധതികൾ ഉൾപ്പെടുത്തിയാണ്. ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം പൂർത്തീകരിച്ചിരിക്കുക യാണ്. ഇതിൽ നിന്നും തനത് ഫണ്ട് വരുമാനത്തിൽ വളരെയധികം വർദ്ധനവ് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

MLA ഫണ്ട് വിനിയോഗിച്ച് ഈ പഞ്ചായത്തിൽ വിവിധ ഗ്രാമീണ റോഡുകളുടെ പൂർത്തീകരണവും, പാലങ്ങളുടെ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി റോഡുകളും, ജലജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി കുടിവെള്ള പദ്ധതികളും, ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീടുകളും അത്രയും കുടുംബങ്ങൾക്ക് ടോയ് ലറ്റും പൂർത്തീകരിക്കുന്നതിന് സാധിച്ചു.

നികുതി പിരിവിലും പദ്ധതി ഫണ്ട് വിനിയോഗത്തിലും 100 ശതമാനം ലക്ഷ്യം കരസ്ഥമാക്കുക എന്നതാണ് നമ്മുടെ പ്രഥമ ലക്ഷ്യം..

ഈ ലക്ഷ്യം യാഥാർത്ഥ്യമാക്കുന്നതിലേക്ക് എല്ലാ ജനപ്രതിനിധികളുടെ യും, ജീവനക്കാരുടെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

നടപ്പ് സമ്പത്തിക വർഷത്തെ പദ്ധതികൾക്ക് രൂപം നൽകുകയും സുതാര്യത ഉറപ്പാക്കി നടപ്പിലാക്കുകയും ചെയ്യുന്ന എല്ലാ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും, ആസൂത്രണ സമിതി അംഗങ്ങൾക്കും ഈ അവസരത്തിൽ ഞാൻ നന്ദി രേഖപ്പെടുത്തുന്നു.

നാടിന്റെ നന്മ ചോരാത്ത വികസനത്തിനായി കർമ്മരംഗത്തിറങ്ങുന്ന നമ്മെ ഒരു ശക്തിക്കും പിൻതിരിപ്പിക്കാനാവില്ല. ജനങ്ങളുടെ പ്രതീക്ഷകൾക്കൊപ്പം ഉയരാൻ കഴിയുന്ന ഒരു ബഡ്ജറ്റാണ് ഈ ബഡ്ജറ്റ്.

2026-27 വാർഷിക പദ്ധതിക്കു അന്തിമ അനുമതി കിട്ടിയെങ്കിൽ മാത്രമേ പ്രിത്യേക പദ്ധതികൾ ബഡ്ജറ്റിൽ വകയിരുത്തി സമഗ്രമാക്കാൻ കഴിയൂ

കുഞ്ഞുണ്ണിമാഷ് പറഞ്ഞു വെച്ചത് പോലെ

'ഒരു വള പൊട്ടുണ്ടെൻ കയ്യിൽ
ഒരു മയിൽ പീലിയുണ്ടെനുള്ളിൽ
വിരസ നിമിഷങ്ങൾ സരസമാക്കുവാനിവ
ധാരാളമാണെനിക്കെന്നും '

വികസന വിസ്ഫോടനം ജനങ്ങൾക്ക് സമ്മാനിക്കുന്ന നമ്മുടെ കൊച്ചുഗ്രാമത്തിൽ കയ്യിലെ വളപ്പോട്ടും ഉള്ളിലെ മയിൽപീലിയുമായി നമ്മുടെ പദ്ധതികൾ ഏറ്റവും സാധാരണക്കാരന്റേയും ജീവിതം സരസമാക്കട്ടെ

<u>സീതത്തോട് ഷോപ്പിംഗ് മാൾ</u>

പഞ്ചായത്തിന്റെ ഹൃദയഭൂമിയിൽ തലയെടുപ്പോടെ നിക്കുന്ന തീയേറ്ററും ആധുനിക മീൻ.മാംസചന്തയും നിരവധി ഷോപ്പുകളും ഉൾപ്പെടുന്ന ഷോപ്പിംഗ്കോംപ്ലക്സ് പൂർത്തീകരിക്കാൻ 4 കോടി രൂപ വകയിരുത്തുന്നു.

<u>കാർഷിക മേഖലയിൽ വന്യമൃഗ ശല്യ വേലി</u>

സീതത്തോടിന്റെ സ്വന്തം കാർഷിക ഉൽപ്പന്നം തയാറാക്കി വിപണിയിൽ എത്തിക്കൽ, വിത്തും, വളവും, കാർഷിക കർമ്മസേനയും ഉൾപ്പെടുന്ന മേഖലക്കായി 1കോടി രൂപ വകയിരുത്തുന്നു. പാർപ്പിടമേഖലയിൽ ശ്രദ്ധേയമായ ചുവട് വയ്ക്കാൻ നമുക്കായി ലൈഫ് വീട് പൂർത്തീകരണം, പട്ടികജാതി പട്ടികവർഗ്ഗ ജനറൽമേഖലയിലെ വീട് പുനരുദ്ധാരണം ,മേൽക്കൂരമാറ്റി കോൺക്രീറ്റ് ചെയ്യൽ, ഈസി കിച്ചൺ പദ്ധതികൾക്കായി 3.5 കോടി രൂപ വകയിരുത്തുന്നു. സമ്പൂർണ്ണ ശുചിത്വം എന്ന ലക്ഷ്യം കൈവരിക്കാൻ 1 കോടി. കുടിവെള്ളക്ഷാമം പരിഹരിക്കാൻ വിവിധ പദ്ധതികൾക്കായി 1കോടി. പഞ്ചായത്ത് ഓഫീസ് കൂടുതൽ സൗഹൃദമാക്കാൻ ലിഫ്റ്റ് ഉൾപ്പെടെയുള്ള പദ്ധതികൾക്കായി 30 ലക്ഷം. വനിത ഘടക മേഖലയിൽ കൂടുതൽ പ്രാധാന്യം നൽകേണ്ടതുണ്ട്. വനിത ഓപ്പൺ ജിം, സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങി വിവിധ പദ്ധതികൾക്കായി 50ലക്ഷം. ടൂറിസം മേഖലയിലെ വിവിധ പദ്ധതികൾക്ക് 2.5 കോടി. പകൽവീട്, വയോജനക്ലബ്ബ്കൾ, മെഡിക്കൽക്യാമ്പ് ,തുടങ്ങി വിവിധ പദ്ധതിക്കായി വയോജനമേഖലയിൽ 40 ലക്ഷം. ചിൽഡ്രൺ സ്മാർക്ക്, അങ്കണവാടി ക്സ്ഥലം വാങ്ങൽ ,സ്മാർട്ട് അംഗനവാടി തുടങ്ങി ശിശുക്ഷേമ മേഖലയിൽ 50 ലക്ഷം. വിദ്യാഭാസം, ഊർജ്ജം, പാലിയേറ്റിവ് ,ഭിന്നശേഷിക്ഷേമം, ചെറുകിട വ്യവസായം തുടങ്ങിയ മേഖലക്ക് യഥാക്രമം 30,15, 25,65,25,10 ലക്ഷങ്ങൾ വീതം വകയിരുത്തുന്നു.

'പിന്നോട്ട് മാത്രം മടങ്ങുന്ന
കാലുകൊണ്ടല്ലയോ
മുന്നോട്ട് പായുന്നിതാളുകൾ '

എന്ന കവി വചനം പ്രചോദനമാക്കി പിന്നോട്ട് പോകുന്ന മൃഗസംരക്ഷണ മേഖലയിൽ ഫാം ടൂറിസം ഉൾപ്പെടെ നടപ്പാക്കാൻ 25 ലക്ഷം വകയിരുത്തുന്നു. ഗ്രാമീണ റോഡുകളും പൊതുവഴികളും എല്ലാം അന്തിമ പദ്ധതിയുടെ ഭാഗമാക്കി വിവിധ സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങളുമായി കൈകോർത്തു മുന്നോട്ട് പോകാൻ വികസന ക്ഷേമ പദ്ധതികൾ മുൻ നിർത്തിയ 2026-27 വാർഷിക ബഡ്ജറ്റ് ചർച്ചക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു

അഭിവാദ്യങ്ങളോടെ

ജോബി.റ്റി ഈശോ
വൈസ്പ്രസിഡന്റ്
സീതത്തോട് ഗ്രാമപഞ്ചായത്ത്

05.03.2026

# സീതത്തോട് ഗ്രാമപഞ്ചായത്ത്

2026-2027 ബഡ്ജറ്റ് സംഗ്രഹം

| | |
|---|---|
| മുൻ ബാക്കി | **38,736,071** |
| വരവ് | **31,77,14,500** |
| ആകെ വരവ് | **356,450,571** |
| ആകെ ചെലവ് | **343,555,000** |
| നീക്കി ബാക്കി | **1,28,95,571** |

# Seethathodu Grama Panchayat

## BUDGET 2026 - 2027

| SN | HEAD OF ACCOUNTS | BUDGET FOR 2025-2026 | BUDGET FOR 2026-2027 |
|---|---|---|---|
| | Opening Balance | 64601187 | **38736071** |
| | **Revenue Receipt - 1** | | |
| | **Tax Revenues - 110** | | |
| 1 | 1100101 Property Tax (General) | 3100000 | 4500000 |
| 2 | 1101001 Profession Tax – Employees | 1200000 | 1500000 |
| 3 | 1101002 Profession Tax - Traders/ Institutions | 500000 | 700000 |
| 4 | 1108004 Entertainment Tax | 100000 | 1000000 |
| | Total Tax Revenues | 4900000 | **7700000** |
| | **Fees and User Charges - 140** | | |
| 5 | 1401003 Contractor Registration Fee | 0 | 203000 |
| 6 | 1401099 Other Empanelment & Registration Charges | 1000 | 200000 |
| 7 | 1401101 License Fees for IFTEOS | 175000 | 300000 |
| 8 | 1401203 Permit Application fee | 675000 | 1000000 |
| 9 | 1401301 Fees for Birth & Death Certificate | 0 | 10000 |
| 10 | 1401302 Fees for Delayed Registration - Birth & Death | 0 | 10000 |
| 11 | 1401303 Fees for Marriage Certificate | 0 | 10000 |
| 12 | 1401304 Fee for Marriage Registration | 0 | 10000 |
| 13 | 1401399 Fees for Other Certificates or Extracts | 12500 | 20000 |

| | | | |
|---|---|---|---|
| 14 | 1401701 Regularization Fees | 100000 | 300000 |
| 15 | 1402001 Penal Interest | 510000 | 700000 |
| 16 | 1404099 Other Fees | 0 | 1000000 |
| 17 | 1405099 Other User Charges | 1100000 | 0 |
| 18 | 1408001 Other Charges | 0 | 1500000 |
| | Total Fees and User Charges | 2573500 | **5263000** |
| | **Sale and Hire Charges - 150** | | |
| 19 | 1501101 Receipts from Sale of Forms | 650000 | 800000 |
| 20 | 1501202 Receipts from Sale of Scrap | 75000 | 200000 |
| 21 | 1501203 Receipts from auction of obsolete assets | 0 | 500000 |
| | Total Sale and Hire Charges | 725000 | **1500000** |
| | **Revenue Grants, Contributions and Subsidies - 160** | | |
| 22 | 1601010 Fund for Transferred Functions/ Schemes - Pension for Agricultural Workers/ Labourers | 5809000 | 7500000 |
| 23 | 1601012 Fund for Transferred Functions/ Schemes - Widow Pension | 17051700 | 20000000 |
| 24 | 1601013 Fund for Transferred Functions/ Schemes - Pension for Unmarried women aged above 50 | 350000 | 500000 |
| 25 | 1601014 Fund for Transferred Functions/ Schemes - Pension for Differentially Abled | 4407600 | 6000000 |
| 26 | 1601018 Fund for Transferred Functions/ Schemes - Old Age Pension | 42000000 | 50000000 |
| 27 | 1601023 General Purpose Fund | 12519000 | 14760000 |
| 28 | 1601080 Fund for Transferred Functions/ Schemes - Sthree Suraksha Scheme | 0 | 12000000 |
| | Total Revenue Grants, Contributions and Subsidies | 82137300 | **110760000** |

| | | | |
|---|---|---|---|
| | **Interest Earned - 171** | | |
| 29 | 1711001 Interest from Bank Accounts | 200000 | 300000 |
| | Total Interest Earned | 200000 | **300000** |
| | **Other Income - 180** | | |
| 30 | 1808099 Miscellaneous Receipts | 3000 | 5000 |
| | Total Other Income | 3000 | **5000** |
| | **Rental Income - LB Properties - 130** | | |
| 31 | 1301003 Rent from Shopping Complex | 8000000 | 8500000 |
| 32 | 1301009 Rent from Auditorium and Halls | 100000 | 100000 |
| 33 | 1302003 Rent from Buildings | 0 | 0 |
| 34 | 1308099 Other Rents | 6000 | 10000 |
| | Total Rental Income | 8106000 | **8610000** |
| | Total Revenue Receipt | 98644800 | **134138000** |
| | **Capital Receipt - 2** | | |
| | **Grants, Contribution for Specific Purposes - 320** | | |
| 35 | 3201001 Grants for Specific Purposes - Health Grant towards conversion of PHCs and Subcentres into Health and Wellness Centres | 502808 | 600000 |
| 36 | 3201002 Grants for Specific Purposes - Health Grant Towards support for diagnostic InfraStructure to the PHCs | 310133 | 400000 |
| 37 | 3201003 Grants for Specific Purposes - Health Grant towards buildingless Subcentres, PHCs and CHCs | 190172 | 200000 |
| 38 | 3201004 Central Finance Commission Grant - Tied | 25160000 | 25160000 |
| 39 | 3201005 Central Finance Commission Grant - Untied | 8387500 | 8387500 |

| | | | |
|---|---|---|---|
| 40 | 3201016 Integrated Child Protection Scheme (ICPS) | 1660066 | 0 |
| 41 | 3201020 Intergrated Child Development Service | 0 | 2000000 |
| 42 | 3201044 Mahatma Gandhi National Rural Employment Scheme (MGNREGS) | 26697000 | 30000000 |
| 43 | 3202001 Development Fund - General | 125501241 | 47249000 |
| 44 | 3202002 Development Fund - Special Component Plan | 3420000 | 3945000 |
| 45 | 3202003 Development Fund - Tribal Sub-Plan | 1321995 | 860000 |
| 46 | 3202008 Development Fund - Sabarimala Grant | 2207000 | 2207000 |
| 47 | 3202009 Maintenance Fund - Road Assets | 4637000 | 12101000 |
| 48 | 3202010 Maintenance Fund - Non-Road Assets | 5839049 | 5517000 |
| 49 | 3202037 Other Revenue Grants | 13300000 | 0 |
| 50 | 3203001 Grant from Other Government Agencies | 0 | 13300000 |
| 51 | 3208010 Beneficiary Contribution | 1200000 | 2000000 |
| 52 | 3209001 Contribution to Joint Venture Projects from District Panchayat | 19165 | 300000 |
| 53 | 3209002 Contribution to Joint Venture Projects from Block Panchayat | 13250000 | 13250000 |
| | Total Grants, Contribution for Specific Purposes | 233603129 | **167476500** |
| | Secured Loans - 330 | | |
| 54 | 3305003 Loan from K.U.R.D.F.C | 0 | 5000000 |
| | Total Secured Loans | 0 | **5000000** |
| | **Deposits Received - 340** | | |
| 55 | 3401001 Earnest Money Deposit | 700000 | 1000000 |

| | | | |
|---|---|---|---|
| 56 | 3401002 Security Deposit | 200000 | 6000000 |
| 57 | 3401003 Retention | 400000 | 500000 |
| 58 | 3402001 Rent Deposit | 100000 | 200000 |
| 59 | 3402002 Auction Deposit | 50000 | 100000 |
| 60 | 3408001 Deposit Received From Halls, Stadiums and Auditoriums | 1000000 | 200000 |
| 61 | 3408099 Other deposits received | 200000 | 200000 |
| | Total Deposits Received | 2650000 | **8200000** |
| | **Redemption - 431** | | |
| 62 | 4315002 Receivables from Government (redemption amount) | 9268461 | 0 |
| | Total Redemption | 9268461 | 0 |
| | Loans, Advances and Deposits - 460 | | |
| 63 | 4601001 Festival Advance to Employees | 105000 | 800000 |
| 64 | 4605003 Advance to Implementing Officers | 0 | 100000 |
| 65 | 4605005 Advance to Mahatma Gandhi NREGS/ AUEGS | 0 | 2000000 |
| | Total Loans, Advances and Deposits | 105000 | 2900000 |
| | Total Capital Receipt | 245626590 | **183576500** |
| | **Revenue Expenditure - 3** | | |
| | **Establishment Expenses - 210** | | |
| 66 | 2101001 Salaries -Secretary | 2000000 | 2000000 |
| 67 | 2101003 Salaries - Permanent Staff | 12000000 | 12000000 |

| | | | |
|---|---|---|---|
| 68 | 2101004 Salaries - Contract Staff | 2400000 | 200000 |
| 69 | 2101101 Wages | 1700000 | 1800000 |
| 70 | 2101201 Bonus | 35000 | 100000 |
| 71 | 2102001 Travelling Allowances - Secretary | 50000 | 50000 |
| 72 | 2102003 Travelling Allowances - Permanent Staff | 500000 | 200000 |
| 73 | 2102004 Travelling Allowances - Temporary Staff | 50000 | 50000 |
| 74 | 2102014 Monthly Honorarium and Sitting Allowance - Councillors/ Members | 2200000 | 3500000 |
| 75 | 2102016 Other Benefits and Allowances | 400000 | 1000000 |
| 76 | 2102017 Festival Allowance | 90000 | 200000 |
| 77 | 2102018 Spectacle Allowance | 5000 | 25000 |
| 78 | 2102019 Travelling Expense of Chairperson/ President, Deputy Chairperson/ Vice President, Chairperson and Councillors/ members | 100000 | 200000 |
| 79 | 2102020 Telephone Allowance - Secretary | 5000 | 10000 |
| 80 | 2103001 Employer's Contribution to Pension Fund - Regular Employees | 100000 | 1200000 |
| 81 | 2103006 Employer's Contribution to NPS - Regular Employees | 100000 | 300000 |
| 82 | 2104001 Terminal Leave Surrender | 300000 | 300000 |
| | Total Establishment Expenses | 22035000 | **23135000** |
| | **Administrative Expenses - 220** | | |
| 83 | 2201001 Rent of Buildings | 6000 | 10000 |
| 84 | 2201101 Office Electricity Expenses | 50000 | 150000 |
| 85 | 2201201 Telephone Expenses/ Internet Charges | 0 | 100000 |

| | | | |
|---|---|---|---|
| 86 | 2201299 Miscellaneous Communication Expenses | 400000 | 20000 |
| 87 | 2201301 Electricity Charges - Allied Institutions | 25000 | 0 |
| 88 | 2201304 Telephone Expenses - Allied Institutions | 25000 | 0 |
| 89 | 2202001 Books & Periodicals | 35000 | 50000 |
| 90 | 2202101 Printing & Stationery | 500000 | 200000 |
| 91 | 2204001 Insurance | 70000 | 30000 |
| 92 | 2205101 Miscellaneous Legal Expenses | 100000 | 50000 |
| 93 | 2205201 Professional & Other Fees | 10000 | 10000 |
| 94 | 2206001 Newspaper Advertisement Charges | 0 | 100000 |
| 95 | 2206099 Other Advertisement & Publicity Charges | 125000 | 0 |
| 96 | 2208099 Miscellaneous Administration Expenses | 2100000 | 2800000 |
| | Total Administrative Expenses | 3446000 | **3520000** |
| | **Operation and Maintenance - 230** | | |
| 97 | 2301001 Electricity Charges for Street Lights | 2500000 | 2500000 |
| 98 | 2301002 Fuel Charges | 200000 | 200000 |
| 99 | 2301003 Electricity Charges of Other Buildings of LB | 200000 | 300000 |
| 100 | 2301004 Electricity Charges For Crematorium | 50000 | 50000 |
| 101 | 2301006 Electricity Charges For Drinking Water Schemes | 100000 | 50000 |
| 102 | 2304001 Vehicle Hire Charges | 100000 | 100000 |
| 103 | 2305301 Repairs & Maintenance - Vehicles | 500000 | 200000 |

| | | | |
|---|---|---|---|
| 104 | 2308010 Extra - ordinary Expenses | 200000 | 100000 |
| | **Total Operation and Maintenance** | 3850000 | **3500000** |
| | **Interest and Finance Charges - 240** | | |
| 105 | 2408001 Other Finance Expenses | 25000 | 0 |
| | Total Interest and Finance Charges | 25000 | 0 |
| | **Programe Expenses - 250** | | |
| 106 | 2501001 Election Expenses | 2000000 | 200000 |
| 107 | 2502001 Expenditure on Poverty Eradication Program | 26697000 | 30000000 |
| | **Total Programe Expenses** | 28697000 | **30200000** |
| | **Expenses related to State Sponsored Schemes - 254** | | |
| 108 | 2540102 Grant in aid to voluntary organisations/ institutions running homes for Differentially Abled person | 4407600 | 6000000 |
| 109 | 2540111 Programmes/ Expenditures of Transferred Functions/ Schemes - Pension for Agricultural Workers/ Labour | 0 | 7500000 |
| 110 | 2540113 Programmes/ Expenditures of Transferred Functions/ Schemes - Widow Pension | 17051700 | 20000000 |
| 111 | 2540114 Programmes/ Expenditures of Transferred Functions/ Schemes - Pension for Unmarried women aged above 50 | 350000 | 500000 |
| 112 | 2540118 Programmes/ Expenditures of Transferred Functions/ Schemes - Old Age Pension | 42000000 | 50000000 |
| 113 | 2540138 Programmes/ Expenditures of Transferred Functions/ Schemes - Sthree Suraksha Scheme | 0 | 12000000 |
| | **Total Expenses related to State Sponsored Schemes** | 63809300 | **96000000** |
| | **Prior Period Items - 280** | | |
| 114 | 2808001 Prior Period Expenses | 0 | 200000 |
| | **Total Prior Period Items** | 0 | 200000 |
| | **Total Revenue Expenditure** | 300945105 | **156555000** |

| | | | |
|---|---|---|---|
| | **Capital Expenditure - 4** | | |
| | **Refund of Deposits - 340** | | |
| 115 | 3401001 Earnest Money Deposit | 700000 | 1000000 |
| 116 | 3401002 Security Deposit | 200000 | 6000000 |
| 117 | 3401003 Retention | 400000 | 500000 |
| 118 | 3402001 Rent Deposit | 100000 | 200000 |
| 119 | 3402002 Auction Deposit | 50000 | 100000 |
| 120 | 3408001 Deposit Received From Halls, Stadiums and Auditoriums | 1000000 | 200000 |
| 121 | 3408099 Other deposits received | 0 | 200000 |
| | **Total Refund of Deposits** | 2450000 | **8200000** |
| | **Loans, Advances and Deposits - 460** | | |
| 122 | 4601001 Festival Advance to Employees | 105000 | 200000 |
| 123 | 4601099 Other Loans and advances | 100000 | 0 |
| 124 | 4605005 Advance to Mahatma Gandhi NREGS/ AUEGS | 1500000 | 2000000 |
| | **Total Loans, Advances and Deposits** | 1705000 | **2200000** |
| | **Total Capital Expenditure** | 69191401 | **10400000** |
| | **Total Expenditure** | 370136506 | **166955000** |
| | **Total Receipts** | 344271390 | 317714500 |
| | **Balance** | **38736071** | **189495571** |
| | **PROJECT EXPENDITURE** | | **176600000** |
| | CLOSING BALANCE 2026-2027 | | 12895571 |

| വിവിധ മേഖലകൾക്കുള്ള വകയിരുത്തൽ | |
|---|---|
| ഷോപ്പിംഗ് കോംപ്ലക്സ് | 40000000 |
| കാർഷിക മേഖല | 10000000 |
| ഭവന നിർമ്മാണം | 35000000 |
| വേസ്റ്റ് മാനേജ്മെന്റ് | 10000000 |
| കുടിവെള്ളം | 10000000 |
| അടിസ്ഥാന സൌകര്യ വികസനം | 30000000 |
| ആരോഗ്യം | 5000000 |
| ശിശുക്ഷേമം | 5000000 |
| വനിത ക്ഷേമം | 5000000 |
| ടൂറിസം | 2500000 |
| വിജ്ഞാന കേരളം | 600000 |
| വിദ്യാഭ്യാസം | 3000000 |
| ഊർജ്ജം | 1500000 |
| വയോജന ക്ഷേമം | 4000000 |
| പാലിയേറ്റീവ് | 2500000 |
| പട്ടികജാതി  പട്ടിക വർഗ്ഗ വികസനം | 6500000 |
| ഭിന്നശേഷി ക്ഷേമം | 2500000 |
| ചെറുകിട വ്യവസായം | 1000000 |
| മൃഗ സംരക്ഷണം | 2500000 |
| **ആകെ** | **176600000** |